**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1648** **08-12-2022 - ൽ മറുപടിയ്ക്ക്**

**മധൂർ വില്ലേജിലെ റീസർവ്വെ 191/2 പ്പെട്ട സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് താലൂക്കിൽ മധൂർ വില്ലേജിൽ റീസർവ്വെ 191/2 ൽപ്പെട്ട സ്ഥലത്ത് ഏതെങ്കിലും കുടുംബം വീട് കെട്ടി താമസിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; | (എ) | കാസർഗോഡ് താലൂക്കിൽ മധൂർ വില്ലേജിൽ റീ.സ.നം.191/2ൽ പെട്ട സ്ഥലത്ത് കഴിഞ്ഞ 50 വർഷമായി 7 കുടുംബങ്ങൾ വീട് വച്ച് താമസിക്കുന്നു. ഈ 7 വീടുകൾക്കും വീട്ടു നമ്പർ ഇല്ല. |
| (ബി) | പ്രസ്തുത ഭൂമിയിൽ എത്ര കുടുംബങ്ങൾ താമസിച്ചു വരുന്നുണ്ടെന്നും എത്രകാലമായിട്ടാണ് താമസിച്ചു വരുന്നതെന്നും വീട് നിർമ്മിച്ചത് എന്നാണെന്നും വീടുകൾക്ക് നമ്പർ ഉണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) | കാസർഗോഡ് താലൂക്കിൽ മധൂർ വില്ലേജിൽ റീ.സ.നം.191/2ൽ പെട്ട സ്ഥലത്ത് കഴിഞ്ഞ 50 വർഷമായി 7 കുടുംബങ്ങൾ വീട് വച്ച് താമസിക്കുന്നു. ഈ 7 വീടുകൾക്കും വീട്ടു നമ്പർ ഇല്ല. |
| (സി) | എത്ര വിസ്തീർണ്ണമുള്ള സ്ഥലത്താണ് പ്രസ്തുത വീടുകൾ സ്ഥിതി ചെയ്യുന്നതെന്നും പ്രസ്തുത വസ്തു പതിച്ചു കിട്ടണമെന്നാവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (സി) | 0.0607 ഹെക്ടർ ഭൂമി പതിച്ചു കിട്ടുന്നതിന് 5 പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് |
| (ഡി) | എങ്കിൽ എപ്പോഴാണ് അപേക്ഷ ലഭിച്ചതെന്നും അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | (ഡി) | 29.07.2015 ൽ ആണ് അപേക്ഷ ലഭിച്ചത്. ഡീവെസ്റ്റേഷൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | എൽ 5 / 19856/ 13 മധൂർ ഫയൽ പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ടതാണെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ; പ്രസ്തുത ഫയൽ നാളിതുവരെ തീർപ്പായിട്ടില്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ; | (ഇ) | എൽ 5 / 19856/ 13 മധൂർ ഫയൽ പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ടതാണ്.<br><br>മധൂർ സർവ്വെ നമ്പർ 191/2 പാർട്ടിൽ (റി.സ.നമ്പർ 58/1 പി.ടി) ൽ പെട്ട 1.05 ഏക്കർ ഭൂമി കൈവശക്കാർക്ക് പതിച്ചു നൽകുന്നതിലേക്കായി മധൂർ വില്ലേജ് ഓഫീസർ 8.11.2013 ൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.കൈവശക്കാരായ ശ്രീ. സീതി റി.സ.നമ്പർ 191/2-1ൽ 20 സെന്റ്, ശ്രീ. മുഹമ്മദിന് റി.സ.നമ്പർ 191/2-2ൽ 20 സെന്റ്, ശ്രീമതി ആയിഷയ്ക്ക് 191/2-3 ൽ 20 സെന്റ്, ശ്രീമതി. നബീസയ്ക്ക് റീ.സ.നമ്പർ 191/2-4 ൽ 20 സെന്റ് , ശ്രീ. ഇബ്രാഹിമിന് 191/2-5 ൽ 25 സെന്റ് എന്നിങ്ങനെയാണ് ശുപാർശ സമർപ്പിച്ചത്. പ്രസ്തുത സ്ഥലം മധൂർ പഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് ഗ്രേസിംഗ് ലാന്റ് ആണ്. ആയതിനാൽ |

| | | | |
|---|---|---|---|
| | | | പ്രസ്തുത ഭൂമി കൈവശക്കാർക്ക് പതിച്ചു നൽകുന്നതിന് ഡീവെസ്റ്റ് ചെയ്ത് ഉത്തരവാകേണ്ടതുണ്ട്. ആയതിലേക്ക് കേരള ഭൂമി പതിവ് ചട്ടം 1964 പ്രകാരം ഓരോ കൈവശക്കാർക്കും പതിച്ചുകൊടുക്കാവുന്ന പരമാവധി ഭൂമിയായ 15 സെന്റ് നിജപ്പെടുത്തി ഡീവെസ്റ്റേഷൻ പ്രൊപ്പോസൽ തയ്യാറാക്കി 18.1.2018 ലെ എൽ.എ കമ്മിറ്റിയിൽ വെക്കുകയും തുടർന്ന് എൽ.എ കമ്മിറ്റി അംഗീകരിക്കുകയും ഉണ്ടായി. ശ്രീമതി. ആയിഷയ്ക്ക് മധൂർ വില്ലേജിൽ 10 സെന്റ് സ്വന്തമായുള്ളതിനാൽ അവരുടെ അപേക്ഷ ഒഴിവാക്കി ഡീവെസ്റ്റേഷൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (എഫ്) | പ്രസ്തുത റീസർവ്വെ നമ്പറിൽ താമസിച്ചു വരുന്ന കുടുംബങ്ങൾ അർഹരാണെങ്കിൽ അവർക്ക് എപ്പോൾ ഭൂമി പതിച്ചു നൽകുമെന്ന് വ്യക്തമാക്കാമോ? | (എഫ്) | ഡീവെസ്റ്റേഷൻ നടപടികൾ പൂർത്തീകരിച്ചതിനു ശേഷം മാത്രമേ പതിച്ച് നൽകാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ